**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1628** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഭൂമി ,മാറ്റി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ജി.എൽ.പി.എസ്. വിളയിൽ പറപ്പൂര് സ്കൂളിന് വേണ്ടി പ്രദേശ വാസികൾ പണം പിരിച്ചും ചീക്കോട് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും വാങ്ങിയ ഭൂമി ബഹുമാനപ്പെട്ട കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് പകരം ചീക്കോട് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തെറ്റായി രജിസ്റ്റർ ചെയ്തത് കാരണം, ഈ സ്ഥലത്ത് സ്കൂളിന് ഭൗതിക സൗകര്യമൊരുക്കാൻ സാധിക്കാത്ത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി.എസ്. വിളയിൽ പറപ്പൂർ സ്കൂളിനായി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയ ഭൂമി ഗവർണറുടെ പേരിൽ മാറ്റി രജിസ്റ്റർ ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് ജി.എൽ.പി.എസ്. വിളയിൽ പറപ്പൂർ പി.ടി.എ. പ്രസിഡന്റ് & എസ്എം.സി. ചെയർമാൻ സമർപ്പിച്ച അപേക്ഷ RE3/69/2026-LSGD നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും വിശദമായ റിപ്പോർട്ടിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ/ നിയമ വകുപ്പുകളുടെ അഭിപ്രായം കൂടി ആരായേണ്ട പക്ഷം ആയത് കൂടി ആരാഞ്ഞ് ഫയലിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** ഉണ്ടെങ്കിൽ ഈ ഭൂമി ചീക്കോട് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നിന്നും ബഹുമാനപ്പെട്ട കേരള ഗവർണറുടെ പേരിലേക്ക് മാറ്റി രജിസ്റ്റർ ചെയ്ത് നൽകുന്ന വിഷയത്തിൽ ഇത്‌വരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി.എസ്. വിളയിൽ പറപ്പൂർ സ്കൂളിനായി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയ ഭൂമി ഗവർണറുടെ പേരിൽ മാറ്റി രജിസ്റ്റർ ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് ജി.എൽ.പി.എസ്. വിളയിൽ പറപ്പൂർ പി.ടി.എ. പ്രസിഡന്റ് & എസ്എം.സി. ചെയർമാൻ സമർപ്പിച്ച അപേക്ഷ RE3/69/2026-LSGD നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും വിശദമായ റിപ്പോർട്ടിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ/ നിയമ വകുപ്പുകളുടെ അഭിപ്രായം കൂടി ആരായേണ്ട പക്ഷം ആയത് കൂടി ആരാഞ്ഞ് ഫയലിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**